ജയിൽ ജീവനക്കാർ

194 (7757) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ ജീവനക്കാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഓരോ ജയിലുകളിലും എത്ര താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് ജയിലുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I-ൽ ചേർക്കുന്നു.*

(ബി) അനുബന്ധം II-ൽ ചേർക്കുന്നു.*

സ്വകാര്യ ഭൂമിയിൽ മരംവച്ച് പിടിപ്പിക്കുന്നവർക്ക് ധനസഹായം

195 (7758) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17-2-2012-ലെ ജി.ഒ. (ആർറ്റി.) നമ്പർ 99/12/വനം, 29-9-2012-ലെ ജി.ഒ. (ആർറ്റി.) 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് വൃക്ഷത്തൈ ഒന്നിന് 30 രൂപ മുതൽ 50 രൂപാവരെ പ്രോത്സാഹന ധനസഹായം നൽകിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly